(എഫ്) 1-3-2014-ന് ശേഷം ഡെപ്യൂട്ടേഷന് എക്സ്റ്റൻഷനുവേണ്ടി ആർക്കെങ്കിലും എൻ.ഒ.സി. കൊടുത്തിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെയാണ് ?

ഉത്തരം

(എ) 39 പേർ ജോലി നോക്കുന്നു. ആയതിൽ 18 പേർ കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡിലും 11 പേർ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലും, കേരള കശുവണ്ടി വെൽഫെയർ ഫണ്ട് ബോർഡിൽ 2 പേരും അനർട്ടിൽ-1, കുടുംബശ്രീയിൽ-1 എം.എൽ.എ.യുടെ പി.എ.ആയി 3 പേർ, നിയമസഭ സെക്രട്ടേറിയറ്റിൽ ഒരാൾ, സെക്രട്ടേറിയറ്റിൽ ഒരാൾ.

(ബി) ടി ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് സ്ഥാപനങ്ങളിലേക്ക് പോയപ്പോൾ ഉണ്ടായ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(സി) ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(ഡി) ഉണ്ട്.

(ഇ) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതായിരിക്കും.

(എഫ്) ഉണ്ട്. വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

കോങ്ങാട് സി.എച്ച്.സി.-യിലെ സ്റ്റാഫ് നിയമനം

52 (6757) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എച്ച്.സി.-കൾ പലതും സി.എച്ച്.സി.കൾ ആക്കി ഉയർത്തി സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുവെങ്കിലും നാളിതുവരെ തസ്തികകൾ അനുവദിച്ചു നൽകുകയോ ആയതിൻപ്രകാരം ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(സി) ദീർഘകാലമായി ആവശ്യപ്പെടുന്ന കോങ്ങാട് സി.എച്ച്.സി.-യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സി.എച്ച്.സി. പാറ്റേൺ അനുസരിച്ച് തസ്തികകൾ നിലവിലില്ലാത്ത സി.എച്ച്.സി.കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കോങ്ങാട് സി.എച്ച്.സി. ഉൾപ്പെടെയുള്ള സി.എച്ച്.സി.കളിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഒരു സമഗ്ര പ്രൊപ്പോസലായി സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ ഡോക്ടർമാർ കുറവുള്ള ആരോഗ്യ കേന്ദ്രങ്ങൾ

53 (6758) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ എത്രയാണ് ; ജോലി ചെയ്യുന്നവർ നിലവിൽ എത്രയാണ് ; ഒഴിവുകൾ എത്ര ;

(ബി) ഡോക്ടർ കുറവുള്ള ആരോഗ്യകേന്ദ്രങ്ങളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ആരോഗ്യകേന്ദ്രങ്ങളിലെ ഇതര തസ്തികകളിലേക്കും അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(ഡി) ഈ ആരോഗ്യ കേന്ദ്രങ്ങളിലെ താല്ക്കാലിക/കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകളും ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) സിവിൽ സർജൻ, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. നിലവിൽ സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി-യിൽ നിന്ന് നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 1-8-2014-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽവച്ച് നടത്തപ്പെടുന്ന കൗൺസിലിംഗിലൂടെ അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly